"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - വാസ്തുവിദ്യാഗുരുകുലത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/CLAD    തീയതി,തിരുവനന്തപുരം, 10-02-2026

പരാമർശം:-
1. സ.ഉ (പി) നം.27/2021/ഫിൻ തീയതി 10.02.2021
2. വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.04.2023, 21.03.2024, 20.05.2025 തീയതികളിലെ ഇ-67/2022/വി.വി.ജി നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണം വാസ്തുവിദ്യാഗുരുകുലത്തിലെ ജീവനക്കാർക്കും കൂടി പരിഷ്കരിച്ച് നൽകണമെന്നാവശ്യപ്പെട്ട് വാസ്തുവിദ്യാഗുരുകലം എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാസ്തുവിദ്യാഗുരുകുലത്തിലെ സർക്കാർ അംഗീകൃത തസ്തികകളുടെ ശമ്പള സ്കെയിലുകൾ പരാമർശം (1) ഉത്തരവിന്റെ അനക്സർ I പ്രകാരവും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വാസ്തുവിദ്യാഗുരുകുലത്തിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകൾ താഴെ പറയും പ്രകാരം പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നം. | തസ്തിക | അനുവദിച്ച തസ്തികകളുടെ എണ്ണം | നിലിവിലെ ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ഡയറക്ടർ | 1 | 45800-89000 | 63700-123700 |
| 2 | കോഴ്സ് കോ-ഓർഡിനേറ്റർ | 1 | 42500-87000 | 59300-120900 |
| 3 | ആർക്കിടെക്ചറൽ എഞ്ചിനീയർ | 1 | 40500-85000 | 56500-118100 |
| 4 | മ്യൂറൽ ആർട്ടിസ്റ്റ് | 1 | 25200-54000 | 35600-75400 |
| 5 | ഡ്രാഫ്റ്റ്സ്മാൻ | 3 | 22200-48000 | 31100-66800 |
| 6 | അക്കൗണ്ട്സ് ക്ലാർക്ക് | 1 | 22200-48000 | 31100-66800 |
| 7 | ഓഫീസ് അസിസ്റ്റന്റ് | 2 | 18000-41500 | 25100-57900 |
| | തച്ചൻ | | | |

| | | | | |
|---|---|---|---|---|
| 8 | (25.06.2020 തീയതിയിലെ സ.ഉ.(കൈ) നം.9/2020/സാം.കാ.വ ഉത്തരവ് പ്രകാരം സ്ഥപതി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. | 1 | 18000-41500 | 25100-57900 |
| 9 | മ്യൂറൽ ട്രെയിനി 25.06.2020 തീയതിയിലെ സ.ഉ.(കൈ) നം.9/2020/സാം.കാ.വ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് മ്യൂറൽ ആർട്ടിസ്റ്റ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. | 1 | 17000-37500 | 23700 - 52600 |
| 10 | ഡ്രൈവർ | 1 | 18000-41500 | 25100-57900 |
| 11 | അറ്റൻഡർ | 1 | 17000-37500 | 23700-52600 |
| 12 | വാച്ചർ കം അറ്റൻഡർ | 1 | 17000-37500 | 23700-52600 |
| 13 | അസിസ്റ്റന്റ് (വാസ്തു) | 1 | 17000-37500 | 23700-52600 |

<u>വ്യവസ്ഥകൾ</u>

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019-ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. 10.02.2021 തീയതിയിലെ ജി.ഒ. (പി) നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. 01.03.2011 ലെ സ.ഉ. (എം.എസ്) നം. 30/2011/സി.എ.ഡി, 05.11.2013-ലെ സ.ഉ.(എം.എസ്) നം.45/2013/സാം.കാ.വ എന്നീ ഉത്തരവുകൾ പ്രകാരം മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തുകയും, 21.02.2015-ലെ സ.ഉ. (എം.എസ്.) നം. 04/2015/സാം.കാ.വ നം. ഉത്തരവു പ്രകാരം വ്യക്തിഗത സ്കെയിലുകൾ അനുവദിക്കുകയും ചെയ്ത ജീവനക്കാർക്ക് ടി ശമ്പള സ്കെയിലുകളുടെ 10.02.2021-ലെ സ.ഉ.(പി) നം. 27/2021/ഫിൻ ഉത്തരവിന്റെ അനക്സർ I പ്രകാരമുള്ള പരിഷ്കരിച്ച ശമ്പള സ്കെയിലുകൾ, അനുബന്ധ ആനുകൂല്യങ്ങൾ എന്നിവ ടി ജീവനക്കാർ ടി തസ്തികകളിൽ തുടരുന്നു വരെ മാത്രം വ്യക്തിഗത ആനുകൂല്യങ്ങളായി അനുവദിക്കാവുന്നതാണ്.
6. വീട്ട് വാടക ബത്ത 10.02.2021-ലെ സ.ഉ. (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 13-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. വാസ്തുവിദ്യാ ഗുരുകുലത്തിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

7. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.
8. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
9. ഇ.പി.എഫ് ലേയ്ക്കുള്ള തൊഴിൽ ദാതാവിന്റെ വിഹിതം 12% [(അടിസ്ഥാന ശമ്പളം + ഡി.എ) പരമാവധി 15000/- രൂപ] എന്ന നിരക്കിൽ കണക്കാക്കേണ്ടതാണ്.
10. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.
11. ശമ്പള പരിഷ്ക്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.
12. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
13. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ(റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസകൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.
14. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
15. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്നപക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
16. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, പെൻഷൻ അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.
17. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.
18. വാസ്തുവിദ്യാ ഗുരുകുലത്തിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O. (P) No.28/2016/Fin dtd 26.02.2016, G.O.(P) No.81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 11.02.2021-ലെ G.O (P) No.29/2021/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.
19. വാസ്തുവിദ്യാ ഗുരുകുലത്തിലെ എല്ലാ നിയമനങ്ങളും (റഗുലർ, കരാർ, ദിവസക്കൂലി, പ്രോജക്റ്റ്) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന മാർഗങ്ങൾ പാലിച്ച് മാത്രം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച് സർക്കാർ അംഗീകാരമുള്ള തസ്തികകളിലേയ്ക്ക് നിയമാനുസൃത രീതിയിൽ മാത്രം നിയമനം നടത്തേണ്ടതാണ്.
20. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും വാസ്തുവിദ്യാ ഗുരുകുലം ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

21. ഗുരുകുലത്തിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർ, പിന്നോക്ക സമുദായക്കാർ, പട്ടികജാതി പട്ടികവർഗം, മറ്റ് അർഹതയുള്ള വിഭാഗങ്ങൾ എന്നിവർക്കുള്ള നിയമാനുസൃത സംവരണ വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.
22. നിശ്ചിത കാലയളവിലേയ്ക്ക് സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് തുടർച്ചാനുമതിയുടെ തീയതി വരെ മാത്രമായി ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.
23. ശമ്പള നിർണ്ണയം, അനോമലി മുതലായവയിലുള്ള സംശയങ്ങളിന്മേൽ തീരുമാനം കൈകൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അനുവാദം വാങ്ങേണ്ടതാണ്.
24. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ വാസ്തുവിദ്യാ ഗുരുകുലം ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.
25. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.
26. വാസ്തുവിദ്യാ ഗുരുകുലത്തിൽ സ്പെഷ്യൽ റൂൾസ്, പ്രൊമോഷൻ പോളിസി എന്നിവ രൂപീകരിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ഒരു തസ്തികയിലും സ്ഥാനക്കയറ്റം, സ്ഥിരനിയമനം എന്നിവ നൽകാൻ പാടില്ല.
27. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻ്റ് ഇ/ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് തിരുവനന്തപുരം
ധനകാര്യ വിദ്യാഭ്യാസ(ഡി) വകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ് (04/02/2026-ലെ ഇനം നം.3630)
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (സി2/23/2022/സാം.കാ.വ )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 10-02-2026 12:40:53

പകർപ്പ്ഃ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ് - ന്
സാംസ്കാരിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-ക്ക്